(ഡി) മറ്റുള്ളവർക്ക് ധനസഹായം നൽകാതിരിക്കുവാനുള്ള പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. പ്രയോഗക്ഷമമായ പ്രോജക്ടുകൾ ലഭ്യമാക്കാതിരിക്കുക.
2. തെരഞ്ഞെടുത്തവ വിജയത്തിലാകുമോ എന്ന സംശയം.
3. വായ്പ തിരിച്ചടയ്ക്കാനുള്ള സംരംഭകന്റെ കഴിവ് ബാങ്കിന് ബോദ്ധ്യപ്പെടാതിരിക്കുക.
4. മുമ്പ് വായ്പയെടുത്തിട്ടുള്ളവർ വരുത്തിയ വീഴ്ചകളും റിക്കവറിയിൽ നേരിടുന്ന പ്രശ്നങ്ങളും.

(ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(എഫ്) ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരും, താലൂക്ക്തല വ്യവസായ ഓഫീസർമാരും വ്യവസായ വികസന ഓഫീസർമാരും ഇവയുടെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ട്.

അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

117 [433] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്;

(ബി) അതിൽ പൊതുമേഖലയിൽ പ്രവർത്തിക്കുന്നവ എത്ര; സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നവ എത്ര; ചെറുകിട വ്യവസായ യൂണിറ്റുകൾ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ പൂട്ടുന്നതിനുള്ള കാരണം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) വ്യവസായ വകുപ്പിന്റെ അധീനതയിൽ 9 പൊതുമേഖലാ സ്ഥാപനങ്ങളും കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിൽ 32 സ്വകാര്യ സ്ഥാപനങ്ങളും അടച്ചുപൂട്ടിയിട്ടുണ്ട്. ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച കണക്കുകൾ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽനിന്നും ശേഖരിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) പൊതുമേഖലയെ സംബന്ധിച്ച് സർക്കാരിൽനിന്നും ധനസഹായം ലഭിച്ചിട്ടും തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നതുമൂലമാണ് പ്രവർത്തനരഹിത മായത്. യൂണിറ്റുകളെ സംബന്ധിച്ചിടത്തോളം ഓരോ യൂണിറ്റിന്റെയും കാരണങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. എങ്കിലും വ്യവസായ മാനേജുമെന്റുകളുടെ കാര്യക്ഷമത യില്ലായ്മ, വിപണിയിൽ നിലനിൽക്കുന്ന കടുത്ത മത്സരം, തൊഴിലാളികളുടെ നിസ്സഹകരണം/മാനേജുമെന്റുമായുള്ള അഭിപ്രായ വ്യത്യാസം, മികച്ച സാങ്കേതിക വിദ്യയുടെ അഭാവം, സമയോചിതമായിട്ടുള്ള വൈവിധ്യവൽക്കരണം, നവീകരണം എന്നിവയുടെ അഭാവം, ഉൽപ്പന്നങ്ങൾക്ക് അനുയോജ്യമായ വിപണിയുടെ അഭാവം, വൈദ്യുതി ചാർജ്ജ് വർദ്ധനയും, വൈദ്യുതി നഷ്ടപ്പെടുന്ന സാഹചര്യവും ആണ് പൊതുവെയുള്ള കാരണങ്ങൾ.

നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം

118 [434] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ഉള്ളത്; അവ ഏതൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്രയെണ്ണമാണ് ലാഭകരമായി പ്രവർത്തിക്കുന്നത്; അവ ഏതൊക്കെ;

(സി) നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഡി) ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കു ന്നതിനോ, സഹകരണ മേഖലയ്ക്ക് കൈമാറുന്നതിനോ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ;

(ഇ) നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതു സംബന്ധിച്ച് സർക്കാരോ മറ്റേതെങ്കിലും ഏജൻസികളോ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കാമോ;

(എഫ്) ഇതനുസരിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ ലിസ്റ്റും അവയുടെ ലാഭ നഷ്ടക്കണക്കുകളും അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly